309. Mr. K. M. Ibrahim.—Will the Government place on the table the information required in Question 37, dated 31st July 1933, regarding the rate of growth of our foreign trades?

Mr. M. P. Cherian.—No statistics are available.

Mr. K. M. Ibrahim.—Was not a subsequent request made by the Member to delete this question.

Mr. C. J. Mathew.—None that I am aware of.

Regarding an Article in the 'Mahathi'.

310. മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഫ്രാൻസ് മിഥുനം ഫ്രെ -ാംങ്ങ-യിലെ മഹതിയിൽ പ്രസിദ്ധംചെയ്ത 'പലതിൽചിലതു് (കേസരി)' എന്ന ലേഖനം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഉവ്വു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഗവമ്മെണ്ടിനു നടപടി നടത്താവുന്ന വല്ല ഭാഗങ്ങളും ആ ലേഖനത്തിലുണ്ടായിരുന്നുവോ?

രാമവമ്മതമ്പുരാൻ.—നടപടി നടത്തത്തക്കതായിട്ടു് ഒന്നും ഉണ്ടായിരുന്നില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അതിലെ വിഷയം എന്തായിരുന്നു?

രാമവമ്മതമ്പുരാൻ,— പല വിഷയങ്ങളും കൂടിയുള്ള ഒരു miscellaneous ആയിരുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഒക്കെ നമ്മുടെ ഭരണത്തെ പറ്റിയുള്ളതാണോ?

രാമവമ്മതമ്പുരാൻ.—എല്ലാം നമ്മുടെ ഭരണത്തെ പറ്റിയായിരുന്നു. അതിൽ പല പായിൻറുകളും ഉണ്ടായിരുന്നു. രണ്ടു പായിൻറു്സു് പ്രൊട്ടക്ററുടെ ഡിപ്പാർട്ടുമെൻറിനെപറ്റിയുള്ളതാണു്. അതിൽ ഒന്നു് അദ്ദേഹത്തിന്റെ ഡയറി ശരിയല്ലെന്നുള്ളതാണു്. മറെറാന്നു് എന്താണെന്നു് ഇപ്പോൾ ഓർമ്മയില്ല. പിന്നെ ഒന്നു് ടെക്സ്ററ് ബുക്കുകമ്മിററിയെപറ്റിയായിരുന്നു. വേറൊന്നു് ഹെഡ്മാസ്റ്റർമാരെപറ്റിയുള്ളതായിരുന്നു. ഇങ്ങിനെ പലേ പായിൻറ്സും അതിലുണ്ടായിരുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—പ്രൊട്ടക്ററുടെ ഡയറിയെപറ്റിയുള്ള ഭാഗം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഈ കപ്സ്റ്റ്യൻ വരുന്നതിനുമുമ്പുതന്നെ ഇതിനെപറ്റി എൻക്വയറി ചെയ്തു. അതിനു ശരിയായ മറുപടി തരികയും ചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—മറുപടി എന്തായിരുന്നു?

രാമവമ്മതമ്പുരാൻ.—പ്രൊട്ടക്ററർ അന്നേദിവസംഅവിടെയായിരുന്നു. എന്നാൽ മിസ്റ്റർ അയ്യപ്പന്റെ തീയ്യബില്ലിനെ സം

LIBRARY ARCHIVES Kerala Legislative Assembly

ബന്ധിച്ച് അന്നേദിവസം എവിഡൻസു കൊടുക്കണ്ടാ എന്നു വിചാരിച്ചു തിരിച്ചുപോയി എന്നാണ്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.— തീയ്യബില്ലിനെപറ്റി ആലോചിച്ച സ്ഥലത്തുനിന്നും നല്ലേപ്പിള്ളിയിലേയ്ക്കു എത്ര ദൂരമുണ്ട്?

രാമവർമ്മതമ്പുരാൻ.—അന്നേദിവസം തിരിച്ചു നല്ലേപ്പിള്ളിയിൽ പോയതായിട്ട് ഡയറിയുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—എത്ര ദൂരം വരുമെന്നാണ് എന്റെ ചോദ്യം.

രാമവർമ്മതമ്പുരാൻ.—അൻപത്തഞ്ചോ, അറുപതോ നാഴികയുണ്ടായിരിയ്ക്കും.

മിസ്റ്റർ പാറെ മമ്പള്ളി.—കാർ ഉണ്ടായിരുന്നുവോ?

രാമവർമ്മതമ്പുരാൻ.—നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ക്രിക്കഞ്ചേരിയിൽവച്ചു യോഗം കൂടിയ ദിവസം മുളവുകാട്ട് ആയിരുന്നു എന്നു പറയുന്നു. ക്രിക്കഞ്ചേരിയും മുളവുകാടുംതമ്മിൽ എത്ര ദൂരമുണ്ട്?

രാമവർമ്മതമ്പുരാൻ.— ആ കണക്കെടുക്കുവാൻ കിട്ടിക്കഴിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.— അത് ആ ലേഖനത്തിലുണ്ടായിരുന്നില്ലേ?

രാമവർമ്മതമ്പുരാൻ.—ലേഖനത്തിൽ ക്രിക്കഞ്ചേരിയെപ്പറ്റി കണ്ടതായിട്ട് ഓർമ്മയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ലേഖന സംഗതികളായതുകൊണ്ട് അതിനെപറ്റി അന്വേഷിച്ചില്ലെന്നാണോ പറയുന്നത്?

രാമവർമ്മതമ്പുരാൻ.—ക്രിക്കഞ്ചേരിയിൽ ഹീയറിംഗുവച്ച ദിവസം ഉണ്ടായിരുന്നു എന്നും പിന്നെ മുളവുകാട്ട പോയിരുന്നു എന്നും ഒന്നും ഡയറിയിൽ കണ്ടതായി ഓർമ്മയില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പത്രത്തിൽകാണുന്ന സംഗതികളെ സംബന്ധിച്ച് ശരിയായ അന്വേഷണം നടത്തുന്നുണ്ടോ?

രാമവർമ്മതമ്പുരാൻ.—ശരിയായി അന്വേഷിയ്ക്കുന്നുണ്ട്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അതുപോലെ ഇതിൽ പറഞ്ഞിട്ടുള്ള സംഗതികളെക്കുറിച്ചും അന്വേഷണം നടത്തി അല്ലേ?

രാമവർമ്മതമ്പുരാൻ.—അതെ.



LIBRARY ARCHIVES Kerala Legislative Assembly